ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുകയും ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നീ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൂറമെ ചടയമംഗലം നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ പ്രതിരോധ കുത്തിവയ്പ്പും രോഗനിർണ്ണയ ക്യാമ്പുകൾ, ക്യാൻസർ കെയർ പ്രോഗ്രാം, പാലിയേറ്റീവ് കെയർ എന്നിവ നടത്തിവരുന്നു.

ഇറവൂർ താലൂക്കാശുപത്രിയുടെ പുതിയ ഐ. പി. ബ്ലോക്ക്

43 (8103) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അരൂർ മണ്ഡലത്തിലെ ഇറവൂർ ആശുപത്രിയുടെ പുതിയ ഐ. പി. ബ്ലോക്കിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത് ; ഈ പ്രവൃത്തി എന്നേയ്ക്ക് പൂർത്തിയാകും ;

(ബി) ഇറവൂർ താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രരൂപ അനുവദിച്ചു ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6-7-2010-ലെ ജി.ഒ.(ആർ‌റ്റി.) നമ്പർ 1104/2010/പൊ.മ.വ. എന്ന ഉത്തരവ് പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. ഗ്രൗണ്ട് ഫ്ലോറിന്റെ കോൺക്രീറ്റ് വരെയുള്ള നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി) ഇറവൂർ താലൂക്കാശുപത്രിയുടെ നവീകരണത്തിനായി എൻ.ആർ.എച്ച്എം. ഫണ്ട് അനുവദിച്ചിട്ടില്ല.

ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി

44 (8104) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് 5 കോടി രൂപയ്ക്ക് ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി സർക്കാരിന് മുന്നിൽ എത്തിയിട്ട് എത്ര നാളായിയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly